"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ പ്രതിദിന വേതനം 01.04.2025 മുതൽ വർദ്ധിപ്പിച്ച് നൽകിക്കൊണ്ടും 2025-26 സാമ്പത്തിക വർഷം പദ്ധതിക്ക് വേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുകയ്ക്ക് ഭരണാനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1406/2025/LSGD തീയതി,തിരുവനന്തപുരം, 06-06-2025

---

പരാമർശം:-

1. 03.11.2017-ലെ സ.ഉ.(കൈ) നം.216/2017/LSGD
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 07.04.2025 തിയതിയിലെ LSGD/PD/26308/2023-DPLD3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ (MGNREGS) കാലാകാലങ്ങളിൽ നിശ്ചയിക്കപ്പെടുന്ന അതേ നിരക്കിലുള്ള വേതനത്തിന് അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കും അർഹത ഉണ്ടായിരിക്കുന്നതാണ്. അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ നിലവിലെ വേതന നിരക്ക് 346/- രൂപയാണെന്നും കേന്ദ്ര ഗ്രാമവികസന മന്ത്രാലയം, MGNREGS-ൽ അവിദഗ്ധ വേതനം 01.04.2025 മുതൽ പ്രാബല്യത്തിൽ 369/- രൂപയായി പരിഷ്കരിച്ചിട്ടുള്ളതിനാൽ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ പ്രതിദിന വേതനവും 01.04.2025 മുതൽ 369/- രൂപയായി വർദ്ധിപ്പിച്ച് അനുവദിക്കണമെന്നും 2025-26 സാമ്പത്തിക വർഷം അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിക്ക് വേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ 180 കോടി രൂപയ്ക്ക് ഭരണാനുമതി ലഭ്യമാക്കണമെന്നും പരാമർശം (2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവ് പ്രകാരം MGNREGS-ൽ കാലാകാലങ്ങളിൽ നിശ്ചയിക്കപ്പെടുന്ന അതേ നിരക്കിലുള്ള കൂലി അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. MGNREGS-ലെ അവിദഗ്ധ പ്രതിദിന വേതനം 01.04.2025 മുതൽ പ്രാബല്യത്തിൽ 369/- രൂപയായി പരിഷ്കരിച്ചിട്ടുള്ളതിനാൽ, അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെ പ്രതിദിന വേതനവും 01.04.2025 മുതൽ 346/- രൂപയിൽ നിന്നും 369/- രൂപയായി വർദ്ധിപ്പിച്ച് നൽകിക്കൊണ്ടും പ്രിൻസിപ്പൽ ഡയറക്ടറുടെ അഭ്യർത്ഥന പരിഗണിച്ച്, 2025-26 സാമ്പത്തിക വർഷം അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിക്ക് വേണ്ടി ബഡ്ജറ്റിൽ 2217-80-800-76-P-V എന്ന

ശീർഷകത്തിൽ വകയിരുത്തിയ 180 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ അദീല അബ്ദുള്ള ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

To: പ്രിൻസിപ്പൽ ഡയറക്ടർ. തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (3143986/DEV-3/114/2025-Fin തീയതി 22.05.2025)
ധനകാര്യ (Planning SC) വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 09-06-2025 11:35:07
സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ്സെക്രട്ടറിയ്ക്ക്